**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നം : T2710** **12.03.2018 ലെ മറുപടിക്ക്**

## ഗ്രന്ഥശാലകൾ കേന്ദ്രീകരിച്ച് സാംസ്കാരിക പരിപാടികൾ

| ചോദ്യം<br>ശ്രീ. വി. അബ്ദുറഹിമാൻ : | മറുപടി<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) കേരളത്തിന്റെ സാംസ്കാരിക പുരോഗതിക്കും നവോത്ഥാനത്തിനും നിർണ്ണായക പങ്ക് വഹിച്ചിട്ടുള്ള ഗ്രന്ഥശാലകളുടെ പ്രവർത്തനം കൂടുതൽ സജീവമാക്കുന്നതിന് ഈ സർക്കാർ എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ; | (എ) ഗ്രന്ഥശാലകളുടെ പ്രവർത്തനം കൂടുതൽ സജീവമാക്കുന്നതിന് ഗ്രേഡ് നിർണയത്തിലെ മാനദണ്ഡങ്ങൾ പരിഷ്കരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഗ്രന്ഥശാലകളുടെ പുരോഗതിയ്ക്കും നവോത്ഥാനത്തിനും സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ ചുവടെ ചേർത്തിട്ടുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. സർക്കാരിന്റെ ഇൻഫർമേഷൻ സെന്ററുകളായി ഗ്രന്ഥശാലകളെ രൂപപ്പെടുത്തുന്നതിന് തെരഞ്ഞെടുത്ത 1000 ഗ്രന്ഥശാലകളിൽ ഇ-വിജ്ഞാന സേവന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഓരോ ജില്ലയിലും മൂന്ന് തെരഞ്ഞെടുത്ത കേന്ദ്രങ്ങൾ എന്ന നിലയിൽ സംസ്ഥാനത്ത് 42 ഗ്രന്ഥശാലകളിൽ ഇ-റീഡിംഗിനുള്ള സാങ്കേതിക സംവിധാനങ്ങളോടെ സ്മാർട്ട് ഇ-റീഡിംഗ് റൂമുകൾ പ്രവർത്തിക്കുന്നു. കുട്ടികളെയും വിദ്യാർത്ഥികളെയും ഗ്രന്ഥശാലകളുടെ സജീവ ഭാഗമാക്കുന്നതിന് 2000 ഗ്രന്ഥശാലകളിൽ ബാലവേദി, സ്ത്രീ ശാക്തീകരണത്തിനായി 500 കേന്ദ്രങ്ങളിൽ വനിതാവേദികൾ, യുവജനങ്ങൾക്കായി 1000 ഗ്രന്ഥശാലകളിൽ യുവത, മുതിർന്ന പൗരന്മാർക്ക് 150 കേന്ദ്രങ്ങളിൽ ഗുരുസംഗമം എന്നിവയും നടത്തിവരുന്നു. പഞ്ചായത്ത് നേതൃസമിതികളുടെ നേതൃത്വത്തിൽ നാട്ടുവെളിച്ചം, തൊഴിലാളി സന്ധ്യ ഉടങ്ങിയവയും |

--- 2)

നടത്തിവരുന്നു. ഇത്തരം പ്രവർത്തനങ്ങൾ ഗ്രന്ഥശാലകളുടെ പ്രവർത്തനത്തെ കൂടുതൽ സജീവമാക്കുന്നുണ്ട്.

(ബി) ഗ്രന്ഥശാലകൾ കേന്ദ്രീകരിച്ച് കൂടുതൽ സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുന്നതിന് അവസരം സൃഷ്ടിക്കുമോ ; വ്യക്തമാക്കുമോ ;

(ബി) ഗ്രന്ഥശാലകൾ തനതായി സംഘടിപ്പിക്കുന്ന പൊതു സാംസ്കാരിക പരിപാടികൾക്ക് അവസരം നൽകിവരുന്നുണ്ട്. ഗ്രന്ഥശാലകൾ മാസത്തിൽ ഇത്തരത്തിൽ ഒരു പരിപാടിയെങ്കിലും നടത്തിയിരിക്കണം എന്നാണ് നിർദ്ദേശിച്ചിട്ടുള്ള തെങ്കിലും വർഷത്തിൽ ആറ് പരിപാടികളെങ്കിലും നടത്തുന്ന ഗ്രന്ഥശാലകൾ ഗ്രന്ഥശാലാ പ്രവർത്തന ഗ്രാന്റിന് അർഹത നേടുന്നുണ്ട്. അപ്രകാരം ഒരു വർഷം 12,000/- രൂപവരെ നൽകിവരുന്നുണ്ട്.

(സി) ഗ്രന്ഥശാലകൾ കേന്ദ്രീകരിച്ച് സാസ്കാരിക വകുപ്പിന്റെ സഹകരണത്തോടെ ഗ്രാമീണ ഉത്സവങ്ങൾ സംഘടിപ്പിക്കുന്നതിനും കലാകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിനും പ്രത്യേകം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശം വ്യക്തമാക്കുമോ ?

(സി) ഗ്രാമീണ ഉത്സവങ്ങൾ സംഘടിപ്പിക്കുന്ന കാര്യം പരിഗണിച്ചുവരുന്നു. ഗ്രന്ഥശാലയിൽ അംഗങ്ങളായ കുട്ടികൾക്കുവേണ്ടി സംഗീത നാടക അക്കാദമിയുടെ സഹായത്തോടെ ജില്ലാടിസ്ഥാനത്തിൽ നാടക കളരി സംഘടിപ്പിച്ചുവരുന്നുണ്ട്. ഗ്രന്ഥശാലകൾ കേന്ദ്രീകരിച്ച് ആരംഭിച്ച 150 ഫിലിം ക്ലബ്ബുകളുടെ പ്രവർത്തനം ചലച്ചിത്ര അക്കാദമിയുടെ സഹകരണത്തോടെ നടത്തിവരുന്നുണ്ട്. സംസ്ഥാന സാംസ്കാരിക വകുപ്പിന്റെ സഹകരണത്തോടെ രാഷ്ട്രപിതാവിന്റെ രക്തസാക്ഷ്യത്വത്തിന്റെ 70-ാം വാർഷിക ത്തോടനുബന്ധിച്ച് ഗ്രന്ഥശാലകളിൽ പ്രത്യേക പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ